| 04–08–2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

## മധുരമായ ഓമനക്കുട്ടികളെ, ബാബ വന്നിരിക്കുന്നു നിങ്ങൾക്കുവേണ്ടി സ്വർഗ്ഗത്തിന്റെ പുതിയ ലോകം സ്ഥാപന ചെയ്യുന്നതിന്, അതുകൊണ്ട് ഈ നരകത്തിനോട് മനസ്സു വെക്കരുത്, ഇതിനെ മറന്നുകളയൂ.

**ചോദ്യം** – ദയാഹൃദയനായ ബാബ നിങ്ങൾ കുട്ടികളിൽ ഏതു രൂപത്തിൽ എന്ത് ദയയാണ് കാണിക്കുന്നത്?
**ഉത്തരം** – ബാബ പറയുന്നു – ഞാൻ അച്ഛന്റെ രൂപത്തിൽ മധുരമായ സാക്രിൻ ആയി വന്ന് നിങ്ങൾ കുട്ടികൾക്ക് ഇത്രയധികം സ്നേഹം തരുന്നു ഈ ലോകത്തിൽ ആർക്കും തരാൻ കഴിയാത്തവിധം. ഞാൻ നിങ്ങളെ പവിത്ര സ്നേഹത്തിന്റെ ലോകത്തിന്റെ അധികാരിയാക്കി മാറ്റുന്നു. ടീച്ചറായി നിങ്ങളെ ഇങ്ങനെയുള്ള പഠിത്തം പഠിപ്പിക്കുന്നു നിങ്ങൾ സ്വർഗ്ഗത്തിലെ മഹാറാണിയായി മാറുന്നു. ഈ പഠിത്തം മനുഷ്യനിൽ നിന്ന് ദേവതയാക്കി മാറ്റുന്നു. ഈ ജ്ഞാനരത്നം നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു.

**ഗീതം** – ആരാണ് മാതാവ് ആരാണ് പിതാവ്...

**ഓം ശാന്തി** – കുട്ടികൾക്ക് ഓം ശാന്തിയുടെ അർത്ഥം മനസ്സിലാക്കിതരുന്നു. ഓം എന്നതിന്റെ അർത്ഥമാണ് ഞാൻ ആത്മാവ്. ഞാൻ ആത്മാവ് നിരാകാര പരംപിതാ പരമാത്മാവിന്റെ സന്താനമാണ്. ആരാണോ ജന്മം തന്നത്, അവരാണ് ശരീരത്തിന്റെ അച്ഛൻ. ശിവബാബ ആത്മാക്കളുടെ അച്ഛൻ. ബാബ സദാ അച്ഛൻ തന്നെയാണ്. അനവധി കോടിക്കണക്കിന് ആത്മാക്കൾ നിരാകാരി ലോകത്ത് ഇരിക്കുന്നു. അവിടെ സദാ നിർവികാരികൾ തന്നെയാണ്, വികാരി ആത്മാക്കൾക്ക് പരംധാമിൽ ഇരിക്കാൻ കഴിയില്ല. ആദ്യം ഈ കാര്യം പക്കാ നിശ്ചയം വേണം–ഞാൻ ആത്മാവ്, എന്റെ അച്ഛൻ പരമാത്മാവ്. ആത്മാവിന്റെ സംബന്ധത്തിൽ എല്ലാവരും സഹോദരൻമാരാണ്. ഈ ശരീരത്തിന്റെ അച്ഛനെ പറയുന്നു ലൗകിക അച്ഛൻ. ആത്മാക്കളുടെ അച്ഛനെ പറയുന്നു പാരലൗകിക അച്ഛൻ. എല്ലാവരുടേയും അച്ഛൻ ഒന്നാണ്. വിളിക്കുകയും ചെയ്യുന്നുവല്ലോ ഓ ഗോഡ് ഫാദർ, ഓ പതീത പാവനാ, ദയാമനസ്കനെ. ഇങ്ങനെ ആത്മാക്കൾ ബാബയെ വിളിച്ചു. ആത്മാവ് ഈ ശരീരത്തിൽ ദു:ഖിയായിരിക്കുന്നു. എന്നാൽ സത്യയുഗത്തിൽ ആത്മാവിന് ശരീരത്തിൽ ഇരിക്കുമ്പോൾ സുഖമാണ്. അതുകൊണ്ട് അതിന്റെ പേര് സുഖധാം, സ്വർഗ്ഗം. ഇത് നരകം. ഇങ്ങനെ പാടപ്പെടുന്നു ദു:ഖത്തിൽ എല്ലാവരും സ്മരിക്കുന്നു... ഓർമ്മിക്കുന്നു പതീത പാവനനെ. മനസ്സിലാക്കുന്നു – പതീത പാവനനായ ബാബ മുകളിൽ പരംധാമത്തിൽ വസിക്കുന്നു. ഗംഗയെ പതീതപാവനി എന്ന് പറയാറില്ല. ഗംഗയെ ഈ കണ്ണുകളിലൂടെ കാണാൻ കഴിയുന്നു. നിരാകാരനായ ബാബയെ അഥവാ ആത്മാവിനെ കാണാൻ കഴിയില്ല. പരംപിതാ പരമാത്മാവ് പ്രാണദാതാവും, ദിവ്യദൃഷ്ടി വിധാതാവുമാണ്, വിളിക്കുന്നു ഓ ഗോഡ് ഫാദർ, ക്രിയേറ്റർ. ശരി, പിന്നെ മദർ എവിടെനിന്നു വന്നു. അമ്മയില്ലാതെ അച്ഛൻ സൃഷ്ടിയുടെ രചന എങ്ങനെ ചെയ്യും. മദർ എന്തായാലും വേണ്ടേ. ഗോഡ് ഫാദർ മനുഷ്യസൃഷ്ടിയുടെ രചയിതാവാണ്. അവരാണ് എല്ലാവരുടേയും അച്ഛൻ. ഫാദർ ഉണ്ടെങ്കിൽ മദറും തീർച്ചയായും വേണം. ബാബ വന്ന് മനസ്സിലാക്കിതരുന്നു ഞാൻ നിരാകാരൻ തന്നെയാണ്. ഞാൻ എപ്പോൾ വന്ന് വിവാഹം കഴിക്കുന്നുവോ അപ്പോൾ കുട്ടികൾ ഉണ്ടാകും. എന്നാൽ വിവാഹം കഴിക്കുന്നതുമില്ല. കുട്ടികളെ ജനിപ്പിക്കുകയും വേണം. വിവാഹം കഴിക്കാതെ, കുട്ടികളെ ഞാൻ ദത്തെടുക്കുന്നു. ചിലർക്ക് ഭാര്യയില്ലെന്നു കരുതുക, ആഗ്രഹം വരുന്നു എന്റെ സമ്പത്ത് ആർക്കു കൊടുത്തുപോകും. പിന്നെ ധാർമ്മിക മക്കളാക്കി ദത്തെടുക്കുന്നു, അപ്പോൾ അച്ഛനും അമ്മയും ആയില്ലേ. എന്നാൽ പരിധിയില്ലാത്ത ബാബ പറയുന്നു ഞാനും അച്ഛനാണ്. ഞാൻ എങ്ങനെ രചിക്കും. ഈ കാര്യം മനസ്സിലാക്കിയല്ലോ. ബാബ സ്വയം വന്ന് മനസ്സിലാക്കിക്കുന്നു എനിക്ക് ശരീരവും വേണ്ടെ. അതുകൊണ്ട് ബ്രഹ്മാശരീരം ആധാരമെടുക്കുന്നു. നിങ്ങൾ പറയുന്നു ഞങ്ങൾ ഈശ്വരന്റെ സന്താനങ്ങളാണ്. എല്ലാവരും തന്നെ ഈശ്വരന്റെ സന്താനങ്ങളാണ്, പക്ഷെ ഈ സമയം ബാബ സന്മുഖത്ത് വന്നിരിക്കയാണ്. നിങ്ങൾ കുട്ടികളെ മടിയിലിരുത്തുന്നു. നിങ്ങൾ മനസ്സിലാക്കുന്നു നമ്മൾ ബാബയുടെ കുട്ടിയായി മാറി. ബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണ്. സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്നതിന് രാജയോഗം പഠിപ്പിക്കുന്നു. സ്വയം ഇരുന്ന് പറഞ്ഞുതരുന്നു ഞാൻ നിരാകാരനായ ഗോഡ് ഫാദർ ആണ്. നിരാകാരനെ എങ്ങനെ മനുഷ്യസൃഷ്ടിയുടെ രചയിതാവെന്ന് പറയും. എന്നാൽ കുട്ടികളെ ദത്തെടുത്ത് അവർക്ക് ബാബ ഇരുന്ന് മനസ്സിലാക്കികൊടുക്കുന്നു ഞാൻ ശിവൻ നിരാകാരനാണ്. നിങ്ങളും നിരാകാരനായ ആത്മാവാണ്. നിങ്ങൾ ഗർഭജയിലിൽ പോകുന്നു, ഞാൻ ഗർഭജയിലിൽ വരുന്നില്ല. നിങ്ങൾക്ക് പകുതി കൽപം ഗർഭമഹൽ, പകുതി കൽപം ഗർഭ ജയിലിൽ വരണം. കാരണം പകുതി കൽപം മായാരാവണൻ പാപം ചെയ്യിക്കുന്നു. സത്യയുഗത്തിൽ മായ ഉണ്ടാകുന്നില്ല

പതീതവും ദു:ഖിയുമാക്കി മാറ്റാൻ. ഞാൻ 21 ജന്മത്തേക്ക് നിങ്ങൾക്ക് സ്വർഗ്ഗത്തിന്റെ സമ്പത്ത് തരുന്നു. പുതിയ ലോകത്തിനെ സ്വർഗ്ഗമെന്ന് പറയുന്നു. വീണ്ടും പഴയതാകുന്നു. ഇനി പഴയതു വിട്ട് പുതിയതിലേക്ക് പോകണം. ഇതും പഴയ ലോകമാണ്. അത് പുതിയ ലോകം ഗോൾഡൻ ഏജ് പാവന ലോകം. എന്നാൽ ബാബ പറയുന്നു – കളഞ്ഞുപോയ കുട്ടികളെ, ഞാൻ നിങ്ങൾക്ക് വേണ്ടി സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നു, പിന്നെ നിങ്ങൾ നരകത്തിൽ എന്തിനു മനസ്സു വെക്കുന്നു. ഇപ്പോൾ നരകത്തെ മറക്കൂ. ബാബയേയും സ്വർഗ്ഗത്തേയും ഓർമ്മിക്കൂ. പഴയ ലോകത്തെ മറന്നുകൊണ്ടേ പോകൂ. ഇത് പരിധിയില്ലാത്ത സന്യാസമാണ്. പഴയ ദേഹസഹിതം എന്തെല്ലാം കാണുന്നുണ്ടോ അതിൽനിന്നും മമത്വം ഇല്ലാതാക്കൂ. മനസ്സിലാക്കൂ, ഞാൻ എല്ലാം ഈശ്വരനു കൊടുക്കുന്നു. ഇതിലൂടെ മുക്തി – ജീവന്മുക്തിയുടെ ഗേറ്റ് തുറക്കുന്നു. ഹരിയുടെ വാതിൽ എന്ന് പറയാറില്ലേ. ഹരി എന്ന് പറയുന്നത് ശ്രീകൃഷ്ണനെയാണ്. ശ്രീകൃഷ്ണന്റെ ലോകം വൈകുണ്ഠം. വൈകുണ്ഠത്തിന്റെ ഗേറ്റ് ബാബ വന്ന് തുറക്കുന്നു. അവിടെ പതീതർക്ക് പോകാനാവില്ല. അതുകൊണ്ട് പതീതത്തിൽനിന്ന് പാവനമാക്കുന്നു. ദു:ഖത്തിൽനിന്ന് സുഖത്തിലേക്ക് പരിവർത്തനപ്പെടുത്തുന്നു. ബാബക്കല്ലാതെ ആർക്കും സുഖത്തിലേക്ക് പരിവർത്തനപ്പെടുത്താൻ കഴിയില്ല. ദു:ഖം ഇല്ലാതാക്കി സുഖം തരുന്നത് ബാബയാണ്. ബാബ പറയുന്നു ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നു. സദാ കാലത്തേക്ക് സുഖം തരുന്നതിന് വന്നിരിക്കുന്നു. ഞാൻ നിങ്ങൾക്കുവേണ്ടി വൈകുണ്ഠത്തെ തന്റെ കൈയ്യിൽ കൊണ്ടുവന്നിരിക്കുന്നു. നിങ്ങൾ രാജയോഗം പഠിച്ച് മനുഷ്യനിൽനിന്ന് ദേവതയായി മാറുന്നു. ബുദ്ധിയും പറയുന്നു ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. മനസ്സിലാക്കൂ ഈ പഴയ ലോകം പുതിയതായി മാറും. സർവ്വശക്തിവാൻ ഒരേയൊരു ബാബയാണ് സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്നത്. ആഗ്രഹിക്കുന്നു ഒരു രാജ്യം, ഓൾമൈറ്റി അതോറിറ്റി രാജ്യം. അതുതന്നെയാണ് സത്യത്രേതായുഗത്തിൽ അചഞ്ചലവും അഖണ്ഡവുമായ രാജ്യം, സുഖശാന്തിയുടെ ദേവീദേവതകളുടെ രാജധാനിയുണ്ടായിരുന്നു, ഒരു വിഘ്നവും ഉണ്ടായിരുന്നില്ല. ഇതിനെ അദ്വൈത രാജ്യം എന്നും പറയുന്നു. മറ്റു ധർമ്മങ്ങൾ ഉണ്ടാകില്ല, ദു:ഖിയാക്കി മാറ്റാൻ. ഇപ്പോൾ നോക്കൂ ഒരേ ക്രിസ്ത്യൻ ധർമ്മത്തിലുള്ളവരായിരുന്നിട്ടുപോലും അവർ പരസ്പരം വഴക്കുണ്ടാക്കുന്നു, കാരണം മായയുടെ രാജ്യമാണ്. സത്യയുഗത്തിൽ മായ ഉണ്ടാകുന്നില്ല. ഇപ്പോൾ പറയുന്നു ഓ ഗോഡ് ഫാദർ, ദയ കാണിക്കൂ. ബാബ പറയുന്നു– ദയ എല്ലാവരോടും കാണിക്കും, എല്ലാ കുട്ടികളേയും പാപത്തിൽനിന്ന് മുക്തമാക്കുന്നു, അർത്ഥം പതീത ലോകത്തിൽ നിന്നും മുക്തമാക്കുന്നു. നിങ്ങൾ എല്ലാ ആത്മാക്കളേയും കൊണ്ടുപോകും നിരാകാരി ലോകത്തിലേക്ക്. ബാക്കി ഈ ശരീരം ഭസ്മമായിപ്പോകും. പ്രകൃതിക്ഷോഭങ്ങളെക്കുറിച്ച് പാടാറുണ്ട്. അതിന്റെ പ്രഭാവവും ഇപ്പോൾ കാണപ്പെടുന്നുണ്ട്. ദുരന്തങ്ങൾ തീർച്ചയായും ഉണ്ടാകും.

ഇപ്പോൾ ബാബ പറയുന്നു ഈ അഴുക്ക് ലോകത്തുനിന്നുള്ള മമത്വം വിടൂ. പരിധിയില്ലാത്ത ബാബ മധുരമാണ്. പറയുന്നു ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. ഇതാർക്കും ചെയ്യാൻ കഴിയില്ല. ഇപ്പോൾ പവിത്രലോകത്തിന്റെ അധികാരിയാക്കി മാറ്റുന്നു. രാജാവാകാൻ നിങ്ങൾ പഠിക്കുന്നു. ലക്ഷ്യം ബുദ്ധിയിലുണ്ട്. പുതിയവർക്ക് ഇതൊന്നും മനസ്സിലാവുകയില്ല. ആരാണോ ഇരുന്ന് പഠിക്കുന്നത്, അവർക്ക് മനസ്സിലാക്കി കൊടുക്കൂ. ഒരാഴ്ച ഇരുന്ന് പഠിപ്പിക്കൂ എന്നാൽ മനസ്സിലാക്കും മനുഷ്യനിൽ നിന്ന് ദേവതയാകണം. അതുകൊണ്ട് ബാബയെ ജാലവിദ്യക്കാരൻ എന്നും പറയുന്നു. ജ്ഞാനരത്നത്തിലൂടെ മനുഷ്യനെ ദേവതയാക്കുന്നു. ബാബയെ ജ്വല്ലറിക്കാരൻ, വ്യാപാരി, യാത്രികൻ എന്നും പറയുന്നു. നിങ്ങളെ ഇവിടെ വന്ന് സ്വർഗ്ഗത്തിന്റെ മഹാറാണി – മഹാരാജാവാക്കി മാറ്റുന്നു. വഴിയാത്രക്കാരൻ എത്ര സുന്ദരനാണ്. നിങ്ങൾ ഒരു കാര്യത്തിനും കൊള്ളാത്തവരായിരുന്നു, ഇപ്പോൾ നിങ്ങളെ പഠിപ്പിച്ച് സ്വർഗ്ഗത്തിലെ മഹാറാണിമാരാക്കുന്നു. നിങ്ങളറിയുന്നു, നമ്മൾ സൂര്യവംശി – ചന്ദ്രവംശിയാകുന്നതിന് വേണ്ടി പഠിക്കുന്നു. പരമാത്മാവ് പഠിപ്പിക്കുന്നു. നിങ്ങൾ ഇവിടെ എന്തു പഠിക്കുന്നു? നിങ്ങൾ പറയും മനുഷ്യനിൽ നിന്ന് ദേവതയാകുന്നതിന് പഠിക്കുന്നു, കാരണം ഈ ആസുരീയ ഗുണമുള്ള മനുഷ്യസൃഷ്ടി വിനാശമാകാൻ പോകുന്നു. ഇങ്ങനെ പാടാറുമുണ്ടല്ലോ, നിർഗുണരായ ഞങ്ങളിൽ ഒരു ഗുണവുമില്ല. അപ്പോൾ ആ ദയാമനസ്കനായ ബാബ ഇരുന്ന് നിങ്ങളെ പഠിപ്പിക്കുന്നു. എല്ലാ ധർമ്മങ്ങളും ഒരേയൊരു നിരാകാരനായ പരമാത്മാവിനെയേ അംഗീകരിക്കൂ. മനുഷ്യൻ ഗോഡ്ഫാദർ എന്നു പറയുന്നു. എന്നാൽ അറിയില്ല അതാരാണെന്ന്, എവിടെ വരുന്നു? ഇപ്പോൾ നിങ്ങൾക്കറിയാം ബാബ പഴയതും പതീതവുമായ ലോകത്തു വരുന്നു കാരണം പാവനലോകം സ്ഥാപിക്കണം. പഴയ ലോകത്തെ പുതിയ ലോകമാക്കി മാറ്റുന്നു. പുതിയ ലോകത്തിൽ സുഖമേ സുഖം തന്നെയാണ്. ബാബ പറയുന്നു പുതിയ ലോകം സ്ഥാപന ചെയ്യുന്നതിന് കൽപ കൽപം വരികതന്നെ വേണം. ബുദ്ധി ഇങ്ങനെ മനസ്സിലാക്കുന്നു രാത്രി കഴിഞ്ഞാൽ പകൽ വരണം. പിന്നെ ചക്രത്തിൽ കലിയുഗം വരുന്നു. കലിയുഗം കഴിഞ്ഞാൽ പിന്നെ സത്യയുഗമല്ലേ. നിങ്ങൾ കുട്ടികളെ പറയുന്നതുതന്നെ സ്വദർശനചക്രധാരി. ആത്മാവിനറിയാം ഞാൻ 84 ജന്മം എടുക്കുന്നു. ഒരു മനുഷ്യനും, മനുഷ്യന് സത്ഗതി കൊടുക്കാനാകില്ല. ബാബ തന്നെയാണ് വന്ന് മനസ്സിലാക്കിത്തരുന്നത്. ബാബ നിങ്ങളെ

പാവനമാക്കുന്നു, യോഗബലത്തിലൂടെ നിങ്ങൾ വിശ്വത്തെ ജയിക്കും. ബാബയാണ് സർവ്വശക്തിവാൻ. ബാബയിൽ നിന്ന് പരിധിയില്ലാത്ത സമ്പത്ത് കിട്ടുന്നു. ആകാശം, ഭൂമി, സമുദ്രം എല്ലാം നിങ്ങളുടേതാകുന്നു. ഇവിടെ നോക്കൂ ആകാശത്തിലും പരിധി, സമുദ്രത്തിലും പരിധി വെച്ചിരിക്കുന്നു. ഇങ്ങനെ പറയുന്നു ഞങ്ങളുടെ സമുദ്രത്തിന്റെ പരിധിയിൽ നിങ്ങൾ വരരുത്. നിങ്ങൾ അവിടെ മുഴുവൻ വിശ്വത്തിൽ രാജ്യം ഭരിക്കും. സ്വർഗ്ഗം എന്നാൽ എങ്ങിനെയിരിക്കും, സ്വർഗ്ഗത്തെ മറക്കാനാവില്ല. മനുഷ്യൻ മരിക്കുമ്പോൾ പറയുന്നു സ്വർഗ്ഗവാസിയായി, എന്നാൽ സ്വർഗ്ഗം എവിടെയാണ്. തീർച്ചയായും നരകമുണ്ട്. ഇതുതന്നെയാണ് നരകം. എല്ലാ മനുഷ്യരും ദു:ഖിയാണ്, എല്ലാവരും പതീതമാണ്. ഈ രാജ്യം രാവണന്റേതാണ്. രാവണനെ കത്തിച്ചുകൊണ്ടേയിരിക്കുന്നു. എന്നാൽ കത്തുന്നില്ല. രാവണനെ 100 അടി ഉയരത്തിൽ ഉണ്ടാക്കുന്നു. പിന്നെ ഉയരം കൂട്ടിക്കൊണ്ടിരിക്കുന്നു. ദിനം-പ്രതിദിനം ഉയർത്തിക്കൊണ്ടിരിക്കുന്നു പക്ഷെ മനസ്സിലാക്കുന്നില്ല. ഇത് വിവേകത്തിന്റെ കാര്യമാണ്.

ഇവിടെ നോക്കൂ മുരളി നടന്നുകൊണ്ടിരിക്കുന്നു എന്നാൽ ടേപ്പിലും റെക്കോർഡ് ചെയ്യുന്നു. കാരണം ഗോപികമാർക്ക് മുരളിയില്ലാതെ ഇരിക്കാൻ സാധിക്കില്ല. മുരളിയില്ലാതെ ഹൃദയം പിടക്കും. കാരണം ഈ മുരളിയാണ് ജീവൻ വജ്രതുല്യമാക്കി മാറ്റുന്നത്. ഇവിടെ ബാബ പഠിപ്പിക്കുന്നു പിന്നെ മുരളി ലണ്ടൻ, അമേരിക്ക വരെ പോകുന്നു. കുട്ടികൾ കേട്ട് വളരെ സന്തോഷിക്കുന്നു. പാടപ്പെടുന്നു ഗോപികമാർക്ക് മുരളിയില്ലാതെ ഇരിക്കാൻ കഴിയില്ല. ഈ നോളേജ് ഗോഡ് ഫാദർ തന്നെയാണ് കേൾപ്പിക്കുന്നത്. മുഖ്യമായും ഒരു കാര്യം മനസ്സിലാക്കിക്കണം ഈ ബാബ നമ്മുടെ പരിധിയില്ലാത്തതാണ്. ഇവരിലൂടെ സ്വർഗ്ഗത്തിന്റെ സമ്പത്ത് കിട്ടുന്നു. ആത്മാവ് പറയുന്നു എന്റെ അച്ഛൻ പരമാത്മാവാണ്, ബാബ ആത്മാക്കളെ പഠിപ്പിക്കുന്നു. എന്നാൽ മറ്റാർക്കും ഇങ്ങനെ പറയാൻ കഴിയില്ല, ഞാൻ പരമാത്മാ നോളേജ്ഫുൾ ആണ് എന്ന്. നിങ്ങൾ കുട്ടികൾക്ക് വളരെ നല്ലരീതിയിൽ മനസ്സിലാക്കിതരുന്നു. എന്നാൽ എല്ലാവരുടെ ബുദ്ധിയും ഏകരസമാകുന്നില്ല. ചിലർക്ക് സതോപ്രധാൻ ബുദ്ധി, ചിലർ സതോ, രജോ, തമോ... ഇതിൽ ടീച്ചർ എന്തുചെയ്യും. ടീച്ചർ പറയും പഠിത്തത്തിൽ പൂർണ്ണ അറ്റൻഷൻ വക്കുന്നില്ല. ഗോഡ് ഫാദർ നോളേജ്ഫുൾ ആണ്. സ്റ്റുഡൻസിനെ പഠിപ്പിക്കുന്നു. ബാബക്കു സമാനമാക്കി മാറ്റുന്നു. എന്നാൽ ഈ സൃഷ്ടിചക്രത്തിന്റെ നോളേജ് ഗോഡ് ഫാദറിനേ ഉള്ളു. വേറെ ആർക്കും അറിയില്ല. ബാബ തന്നെയാണ് പഠിപ്പിച്ച് നോളേജ്ഫുൾ ആക്കി മാറ്റുന്നത്. ബാബ നോളേജ്ഫുള്ളും ഉയർന്നതിലും ഉയർന്നതും ആണ്, ഉയർന്ന പേരാണ്, ഉയർന്ന സ്ഥാനമാണ്. ബ്രഹ്മാ - വിഷ്ണു - ശങ്കർ സൂക്ഷ്മവതനവാസിയാണ്. മൂന്നാമത്തെ ഗ്രേഡാണ് മനുഷ്യൻ. മനുഷ്യരിലും പിന്നെ ഗ്രേഡ് ഉണ്ട്. സത്യയുഗത്തിൽ മനുഷ്യരുടെ ഗ്രേഡ് വളരെ ഉയർന്നതാണ്. നിങ്ങൾ ഗോൾഡൻ ഏജിൽ പോകുന്നു. അയേൺ ഏജ് അവസാനിക്കും. ഗോൾഡൻ ഏജ് ഉള്ളപ്പോൾ സിൽവർ ഏജില്ല. കോപ്പർ ഏജ് ഉള്ളപ്പോൾ അയൺ ഏജില്ല. ഈ എല്ലാ കാര്യവും ബുദ്ധിയിൽ വെക്കണം, അതിനു വേണ്ടി ചിത്രങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. സത്യയുഗത്തിൽ വളരെക്കുറച്ച് മനുഷ്യർ മാത്രം. കലിയുഗത്തിൽ കോടിക്കണക്കിന് മനുഷ്യർ. ചോദിക്കുന്നു - ബാബാ വിനാശം എപ്പോൾ വരും. എപ്പോൾ നാടകം തീരുന്നുവോ അപ്പോൾ വിനാശം ഉണ്ടാകും, എല്ലാവരും പോകും. ബാബ തന്നെയാണ് മുക്തി - ജീവന്മുക്തിയുടെ ഗൈഡ്. ബാബ ഇരിക്കുന്നതും പരംധാമിൽ. നിങ്ങളും അവിടെ ഇരിക്കുന്നവരാണ്. ഇവിടെ വന്നിരിക്കുന്നത് പാർട്ട് അഭിനയിക്കാൻ. ബാബ പറയുന്നു - കുട്ടികളെ, നിങ്ങൾ മായയോട് ജയിക്കണം. ഇതിൽ ഹിംസയുടെ ഒരു കാര്യവും ഇല്ല. സത്യയുഗത്തിൽ ഹിംസ ഉണ്ടാകുന്നില്ല. അവിടെ സമ്പൂർണ്ണ നിർവികാരി ദേവതകൾ തന്നെയാണ്. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യസാരം -

1. ബുദ്ധിയിൽ പരിധിയില്ലാത്ത സന്യാസം ചെയ്യണം. പഴയ ദേഹസഹിതം എന്താണോ ഈ കണ്ണുകൾ കൊണ്ട് കാണുന്നത്, അതിൽ മമത്വം വെക്കാതെ ബാബയേയും സ്വർഗ്ഗത്തേയും ഓർമ്മിക്കൂ.

2. പഠിത്തത്തെ നല്ലപോലെ ധാരണ ചെയ്ത് ബുദ്ധിയെ സതോപ്രധാനമാക്കി മാറ്റണം. മുരളി തന്നെയാണ് പഠിത്തം. മുരളിയിൽ വളരെ ശ്രദ്ധ കൊടുക്കണം.

**വരദാനം:- ഭാഗ്യത്തിന്റെ പുതിയ-പുതിയ സ്മൃതികളിലൂടെ പുരുഷാർത്ഥത്തിൽ രമണീകതയുടെ അനുഭവം ചെയ്യുന്ന മാനസിക ആരോഗ്യശാലികളായി ഭവിക്കട്ടെ.**

ബ്രാഹ്മണ ജന്മത്തിൽ അന്തിമ ജന്മമായത് കാരണം ശരീരം കൊണ്ട് എത്ര തന്നെ ദുർബ്ബലരോ രോഗികളോ ആകട്ടെ പക്ഷെ മനസ്സ് എല്ലാവരുടെയും ആരോഗ്യമുള്ളതായിരിക്കും. ഉന്മേഷ-ഉത്സാഹത്തിലൂടെ പറക്കുന്നവരായിരിക്കും. ശക്തിശാലി മനസ്സിന്റെ അടയാളമാണ്- സെക്കന്റിൽ എവിടെ ആഗ്രഹിക്കുന്നുവോ അവിടെ എത്തിച്ചേരും. ഇതിന് വേണ്ടി തന്റെ ഭാഗ്യത്തിന്റെ ഗീതം പാടി പറന്ന് കൊണ്ടിരിക്കൂ. അമൃതവേള മുതൽ ഭാഗ്യത്തിന്റെ പുതിയ-പുതിയ കാര്യങ്ങൾ സ്മൃതിയിൽ കൊണ്ടുവരൂ. ഇടക്ക് ഏതെങ്കിലും പ്രാപ്തിയെ മുന്നിൽ വെക്കൂ, ഇടക്ക് വേറെ ഏതെങ്കിലും ..... എങ്കിൽ പുരുഷാർത്ഥത്തിൽ രമണീകത വന്ന് ചേരും. ബോറടിക്കുകയില്ല, നവീനതയുടെ അനുഭവം ചെയ്യും.

**സ്ലോഗൻ:- മുമ്പും പിമ്പും ചിന്തിച്ച് മനസ്സിലാക്കി ഓരോ കർമ്മവും ചെയ്യൂ എങ്കിൽ സഫലത ലഭിച്ചു കൊണ്ടേയിരിക്കും.**